പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 368 — 11.12.2012 ൽ മറുപടിയ്ക്ക്

## ബൈതരണി കൽക്കരി വൈദ്യുത പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പാലോട് രവി,<br>ശ്രീ. സി.പി. മുഹമ്മദ്,<br>ശ്രീ. കെ.ശിവദാസൻ നായർ,<br>ശ്രീ. എം.പി. വിൻസെന്റ്, | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) ഒറീസയിലെ ബൈതരണിയിൽ കൽക്കരിയിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതി യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) | ബൈതരണികൽക്കരിപ്പാടം വികസിപ്പിക്കുന്നതിനും, കൽക്കരി ഖനനം ചെയ്യുന്നതിനുമായി 'ബൈതരണി വെസ്റ്റ് കോൾ കമ്പനി ലിമിറ്റഡ് ' എന്ന പേരിൽ ഒരു കമ്പനി കേരളം, ഒറീസ്സ, ഗുജറാത്ത് സംസ്ഥാനങ്ങൾ സംയുക്തമായി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്പനി കൽക്കരിപ്പാടം വികസിപ്പിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ എടുത്തു വരുന്നു. ബൈതരണിയിൽ നിന്നും കേരളത്തിനു ലഭിക്കുന്ന കൽക്കരി ഉപയോഗിച്ച് ഉദ്ദേശം 1000 മെഗാവാട്ട് ശേഷിയുള്ള ഒരു താപവൈദ്യുതി നിലയം സ്ഥാപിക്കുന്നതു സംബന്ധിച്ച് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ NTPC യുമായി സർക്കാർ ചർച്ച നടത്തി വരികയാണ്. ഇതിലേക്കായി കേന്ദ്ര വൈദ്യുതി മന്ത്രാലയത്തിന്റെ നിർദ്ദേശാനുസരണം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ഇക്കാര്യം പരിശോധിച്ചുവരികയാണ്. |

(....2)

| | | | |
|---|---|---|---|
| (ബി) | കൽക്കരി ഖനനവുമായി ബന്ധപ്പെട്ട് എന്തെല്ലാം തടസ്സങ്ങളാണ് നിലനിൽക്കുന്നത്; | (ബി) | കൽക്കരി ഖനനം ചെയ്യുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനു വേണ്ടി ഒറീസ്സ സർക്കാരിന്റെ ഭരണാനുമതി ആവശ്യമുണ്ട്. ഇത് ലഭിക്കുന്നതിലുണ്ടാവുന്ന കാലതാമസമാണ് പ്രധാനമായും കൽക്കരിപ്പാടം വികസിപ്പിക്കുന്നതിന് തടസ്സമായി ഇപ്പോൾ നിലനിൽക്കുന്നത്. |
| (സി) | പ്രസ്തുത തടസ്സങ്ങൾ നീക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ? | (സി) | സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി ഒറീസ്സ സർക്കാരിൽ നിന്നും ലഭ്യമാക്കുന്നതിലേക്കായി സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥ തലത്തിലും, മന്ത്രി തലത്തിലും ആവശ്യമായ ഇടപെടലുകൾ നടത്തി വരുന്നു. ഒറീസ്സ മുഖ്യമന്ത്രിക്ക് സംസ്ഥാന മുഖ്യമന്ത്രി നേരിട്ട് ഇക്കാര്യത്തിൽ കത്തെഴുതിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.